# ഫാറം-VII

[ചട്ടം 23(1) കാണുക]

## കണ്ണൂർ  മുനിസിപ്പൽ കോർപ്പറേഷൻ

2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016- ലെ 9) 36-ാം വകുപ്പിന്റെ (10)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ച നോട്ടീസ്

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിനായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ തയ്യാറാക്കിയ പരിഷ്കരണങ്ങളോടുകൂടി സ്വീകരിച്ച മാസ്റ്റർ പ്ലാൻ 2016 –ലെ കേരള നഗരസഭ-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ) 36 ആം വകുപ്പ് (8)-ആം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 72/2024/LSGD തീയതി 22-06-2024 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതും മാസ്റ്റർ പ്ലാനിന് അനുമതി നൽകിയിട്ടുള്ള വസ്തുത 19-07-2024 തീയതിയിലെ കേരള ഗസറ്റ് നമ്പർ 2331 (റഫ.നം.തസ്വഭവ-ആർ.-ഡി2/89/2024) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് – അഴീക്കോട്, ചിറക്കൽ, നാറാത്ത്, കൊളച്ചേരി ഗ്രാമപഞ്ചായത്തുകൾ

കിഴക്ക്- മുണ്ടേരി, ചെമ്പിലോട്, കടമ്പൂർ ഗ്രാമപഞ്ചായത്തുകൾ

തെക്ക്- കടമ്പൂർ, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ്- ലക്ഷദ്വീപ് കടൽ, കന്റോൺമെന്റ് പ്രദേശം

**കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ**

**(എ)** അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ.

ഇല്ല

**(ബി)** പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

1. DTP സ്കീം ഫോർ താവക്കര നോർത്ത്, കണ്ണൂർ
2. DTP സ്കീം ഫോർ താവക്കര സൗത്ത്, കണ്ണൂർ

[ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 62 -)o വകുപ്പിന്റെ 5- )o ഉപവകുപ്പ് പ്രകാരം ഒരു പ്രദേശത്ത് പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനും പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾക്ക് മേൽ നിലനിൽക്കുന്നതാണ്.]

**(സി)** മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദനഗരാസൂത്രണ പദ്ധതികൾ

ഇല്ല

**(ഡി)** നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

ഇല്ല

സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ മുനിസിപ്പൽ കോർപ്പറേഷന്റെ ഔദ്യോഗിക വെബ് സൈറ്റായ **http://kannurcorporation.lsgkerala.gov.in/** -ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനിന്റെ പകർപ്പ് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ കാര്യാലയത്തിലും പ്രവൃത്തി സമയങ്ങളിൽ പരിശോധനയ്ക്കായി ലഭ്യമാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി

മേയർ

MUSLIH MADATHIL
MAYOR
KANNUR MUNICIPAL CORPORATION

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ
MUNICIPAL CORPORATION OF KANNUR

സ്ഥലം: KANNUR

തീയതി: 03/08/2024